ബ്ലോക്ക് അഡൈവസറി കമ്മിറ്റികൾ.

* 333. [21] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) നിലവിലുള്ള ബ്ലോക്ക് അഡൈവസറി കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തെരഞ്ഞെടുപ്പു കഴിഞ്ഞു പുതിയ പ്രസിഡൻറന്മാർ വന്ന സ്ഥിതിക്ക് അതു പുനഃസംഘടിപ്പിക്കേണ്ടതല്ലയോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പുതിയ തിരഞ്ഞെടുപ്പു കഴിഞ്ഞു പഞ്ചായത്തുപ്രസിഡണ്ടന്മാരായി വന്നിട്ടുള്ളവരെ കമ്മിറ്റികളിൽ എടുക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: അഡൈവസറി കമ്മിറ്റി ഉണ്ടാക്കിയ സമയത്തു പഞ്ചായത്തു നിലവിലില്ലാതിരുന്നതുകൊണ്ട് ഈ കമ്മിറ്റികൾ താൽക്കാലികമാണെന്നും പഞ്ചായത്തു സംസ്ഥാനത്തു നിലവിൽ വന്നുകഴിഞ്ഞാൽ ഈ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുമെന്നും പറയുകയുണ്ടായി. ഇപ്പോൾ പുനഃസംഘടിപ്പിക്കേണ്ടാ എന്നു പറയുവാനുള്ള പ്രത്യേക കാരണം എന്താണ്?

ശ്രീ. കെ. എ. ദാമോദരമേനോൻ: അന്നു അങ്ങനെ പറഞ്ഞതു് വളരെക്കാലമായി പഞ്ചായത്തു പ്രസിഡന്മാരായിരുന്നവർ വീണ്ടും തുടരുന്നതു് നല്ലതാണോ എന്നു ബോദ്ധ്യം വരുത്തേണ്ട പ്രശ്നത്തിനാലാണു്. ഇപ്പോൾ പുതിയ തിരഞ്ഞെടുപ്പു കഴിഞ്ഞു, പുതിയ പ്രസിഡൻറന്മാർ വരികയും ചെയ്തു. അവർക്കു പഴയ അഡൈവസറികമ്മിറ്റിയിൽ സ്ഥാനം കൊടുക്കുകയും ചെയ്തു. അഡൈവസറികമ്മിറ്റി രണ്ടാമതു സംഘടിപ്പിച്ചു ബോദ്ധ്യപ്പെടുത്തണമോ എന്നു ആലോചിക്കാതെ ഇരുന്നില്ല. എന്നാൽ ഈ നിയമസഭയിൽതന്നെ ഒരുബിൽ അവതരിപ്പിക്കാൻ പോകുന്നുണ്ട്. അതൊക്കെ ആലോചിച്ചു കൊണ്ടാണു് ഇതിൽ മാറ്റം വരുത്താതെയിരുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെൻറ് കൗൺസിലിൽ പഞ്ചായത്തുപ്രതിനിധികളും പഞ്ചായത്തു പ്രസിഡൻറന്മാരും ഉണ്ടായിരുന്നു. ഇപ്പോൾ പഞ്ചായത്തു തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം ഇങ്ങനെയുള്ള പ്രസിഡൻറന്മാർ പ്രസിഡൻറന്മാർ അല്ലാതായിരിക്കുകയാണു്. അങ്ങനെയുള്ള പ്രസിഡൻറന്മാർ ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെൻറ് കൗൺസിലിലെ മെമ്പറന്മാർ ആയിരിക്കുമോ?

ശ്രീ. ആർ. ശങ്കർ: ഡിസ്ട്രിക്റ്റ്ഡെവലപ്പ്മെൻറ് കൗൺസിലിൻറെയും കാലാവധി കഴിഞ്ഞിരിക്കുകയാണു്. അതു പുനഃസംഘടിപ്പിക്കുന്നകാര്യം ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.



LIBRARY ARCHIVES Kerala Legislative Assembly